(സി) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സെക്വാൻ (SECWAN), എം-ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. വിവിധ വകുപ്പുകൾ, പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകുന്നതിലേയ്ക്കായും ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനുംവേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്.

ഇക്കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപെക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ ഓഫീസുകളിൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ വെർച്വൽ ഐ.ടി. കേഡർ സംവിധാനത്തിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി

255 (622) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിലേക്ക് ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർണ്ണമായി നടപ്പിലാക്കിയെന്നു അറിയിക്കുമോ;

(സി) ഇതിലേക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ച സേവനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള സിറ്റിസൺ സർവ്വീസ് സെന്റർ (അക്ഷയ) മുഖേനയോ നേരിട്ടോ ഓൺലൈനായി ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ച ഇ-ഗവേണൻസ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാക്കുകയും ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്. ഈ പദ്ധതി നിലവിൽ വന്നതോടുകൂടി പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ പലതവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നു.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു.

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 34.28 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നിലവിൽ നൽകുന്ന സേവനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. 24 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ.
2. പേമെന്റ് സർവ്വീസുകൾ
   - കറന്റ് ബിൽ.
   - വാട്ടർ ബിൽ.
   - ബി.എസ്.എൻ.എൽ. ഫോൺ ബില്ലുകൾ - (ലാൻഡ് ഫോൺ ബില്ലുകൾ, മൊബൈൽ ഫോൺ ബില്ലുകൾ, വയർലെസ് ബില്ലുകൾ)
   - യൂണിവേഴ്സിറ്റി ഫീസ് - (കാലിക്കറ്റ് യൂണിവേഴ്സിറ്റി)
   - കൾച്ചറൽ വെൽഫെയർ ബോർഡ് ഫീസ്
   - ലേബർ വെൽഫെയർ ബോർഡ് ഫീസ്
   - പോലീസ് വകുപ്പ് (ഇ-ചലാൻ)
3. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും ഒന്നാം അപ്പീലും